സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് നിയമനങ്ങൾക്ക് എൻ.സി.സി. സർട്ടിഫിക്കറ്റുള ളവർക്ക് വെയിറ്റേജ് മാർക്ക് നൽകണമെന്ന ആവശ്യം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 3239/18/Est-1** നന്തൻകോട്, **17/04/2018**

---

പരാമർശം :- 1) കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് സെക്രട്ടറി 12.01.2018 ൽ ദേവസ്വം കമ്മീഷണർക്ക് അയച്ച കത്ത്.
2) ദേവസ്വം കമ്മീഷണറുടെ 21.03.2018 ലെ ആർ.ഒ.സി. 147/10/08/ എസ്റ്റാ-1 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

ദേവസ്വം ബോർഡിലെ യൂണിഫോം തസ്തികയായ ദേവസ്വം ഗാർഡ് തസ്തികയിലെ നിയമനങ്ങൾക്ക് പബ്ലിക് സർവ്വീസ് കമ്മിഷൻ എൻ.സി.സി. സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് അനുവദിക്കുന്ന ക്രമം ഗ്രേസ് മാർക്ക് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നടത്തുന്ന ദേവസ്വം ഗാർഡ് മുതലായ യൂണിഫോം തസ്തികകൾക്ക് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ഉദ്യോഗാർത്ഥികൾ സമർപ്പിച്ച അപേക്ഷ പരിഗണനയ്ക്കും തുടർ നടപടികൾക്കുമായി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് സെക്രട്ടറിയുടെ പരാമർശം 1 കത്ത് ദേവസ്വം കമ്മീഷണറിൽ നിന്നും പരാമർശം 2 ൽ ലഭിച്ചു.

ബോർഡ് ടി വിഷയം പരിശോധിച്ച് ചർച്ച ചെയ്തു.

ദേവസ്വം ബോർഡിലെ യൂണിഫോം തസ്തികയായ ദേവസ്വം ഗാർഡ് തസ്തികയിലെ നിയമനങ്ങൾക്ക് എൻ.സി.സി സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് ഗ്രേസ് മാർക്ക് അനുവദിയ്ക്കുന്നത് സംബന്ധിച്ച് പി.എസ്.സി അനുവർത്തിക്കുന്ന നിലപാട് തന്നെ തിരുവിതാംകൂർ ദേവസ്വം ബോർഡിലും സ്വീകരിക്കുന്നതിന് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിന് വേണ്ടി

(ഒപ്പ്)

സെക്രട്ടറി

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. സെക്രട്ടറി, കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് **(with c/c)**
3. ജോയിന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്
4. എല്ലാ ഓഫീസ് മേധാവികൾക്കും
5. എസ്റ്റാ-2 സെക്ഷൻ, ബോർഡ് ഓഫീസ്
6. ഇ.ഡി.പി. സെക്ഷൻ
7. സെക്ഷൻ ഫയൽ
8. ഫയൽ ബുക്ക്
9. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി